പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# ഇന്ദിര ആവാസ് യോജന

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 277

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പി. എ. മാധവൻ<br>„ ഐ. സി. ബാലകൃഷ്ണൻ<br>„ പാലോട് രവി<br>„ കെ. ശിവദാസൻ നായർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിര ആവാസ് യോജനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/വർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകി അവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥിരമായ പരിഹാരം കാണുകയെന്നതാണ് ഇന്ദിര ആവാസ് യോജന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | നിലവിൽ ഐ.എ.വൈ. പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം മാത്രമേ നൽകുന്നുള്ളു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പട്ടിക വർഗ്ഗ വിഭാഗം - 2,50,000/-<br>2. പട്ടിക ജാതി വിഭാഗം - 2,00,000/-<br>3. പൊതു വിഭാഗം - 2,00,000/- |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | വർദ്ധിപ്പിച്ചിട്ടുണ്ട്. 15.09.2011 മുതൽ ഐ.എ.വൈ. പദ്ധതിയിൽ താഴെ പറയും പ്രകാരം വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br>1. പട്ടിക വർഗ്ഗ വിഭാഗം - 2,50,000/-<br>2. പട്ടിക ജാതി വിഭാഗം - 2,00,000/-<br>3. പൊതു വിഭാഗം - 2,00,000/-<br>കൂടാതെ 19.7.2013 ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് (കൈ) നം.257/13/തസ്വഭവ പ്രകാരം ഇന്ദിരാ |

| | | | |
|---|---|---|---|
| | | | ആവാസ് യോജന മുഖേന നിർമി ക്കുന്ന വീടുകൾക്കുള്ള കേന്ദ്ര സർക്കാർ വിഹിതമായ യൂണിറ്റ് കോസ്റ്റ് 48500/-രൂപയിൽ നിന്നും 70000/-രൂപയായി വർദ്ധിപ്പിച്ച സാഹച ര്യത്തിൽ 2013-14-ൽ വീടൊന്നിന് അധിക ധനസഹായമായി 50,000/-രൂപ നിരക്കിൽ ബ്ലോക്ക് പഞ്ചായത്തു കൾക്ക് നൽകുന്നതിനും ശേഷിക്കുന്ന തുക ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായ ത്തുകൾ 25:50:25 എന്ന അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനു അനുമതി നൽകി ഉത്തരവായിട്ടുള്ളതുമാകുന്നു. |

സെക്ഷൻ ഓഫീസർ